**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** **22-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | GSDP യുടെ 2% അധിക വായ്പ സംസ്ഥാനങ്ങൾക്ക് 2020-21 വർഷത്തിൽ അനുവദിക്കുന്നതിന്റെ ഭാഗമായുള്ള വ്യവസ്ഥ പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ Direct Benefit Transfer Scheme (DBT) നടപ്പിലാക്കുകയുണ്ടായി. ടി സ്കീം പ്രകാരം, കൃഷിഭവൻ മുഖേന ബോർഡിലേക്ക് ലഭ്യമാക്കി കൊണ്ടിരുന്ന കർഷകരുടെ വൈദ്യുതി ചാർജ്ജിനു തുല്യമായ തുക കാർഷിക ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നു. ടി അക്കൗണ്ടിൽ നിന്ന് ബോർഡിലേക്ക് വൈദ്യുതി ചാർജ്ജ് ലഭ്യമാക്കുന്നു. 0.5% അധിക വായ്പാ 2021-22 മുതൽ 2024-25 വർഷം വരെ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ 09.06.2021-ൽ പ്രഖ്യാപിച്ച ടി പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനങ്ങൾക്ക് കൂടുതൽ വായ്പ അനുവദിക്കുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളായ വൈദ്യുതി മീറ്റർ സാർവ്വത്രികം ആക്കുക, കർഷകർക്കുള്ള സബ്സിഡി നേരിട്ട് അക്കൗണ്ടിൽ നൽകുക, സ്മാർട്ട് മീറ്റർ ഉൾപ്പെടെയുള്ള സങ്കേതങ്ങൾ സ്വീകരിക്കുക തുടങ്ങിയവ പാലിക്കുന്നതിൽ വൈദ്യുതി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ; | (ബി) | സംസ്ഥാനത്ത്, നേരത്തേ തന്നെ എല്ലാ ഉപഭോക്താക്കൾക്കും (LT VIII [A] - തെരുവു വിളക്കുകൾ ഒഴിച്ച്), വൈദ്യുതി മീറ്റർ സാർവത്രികമാക്കിയിട്ടുണ്ട്. 'LT VIII [A] - തെരുവു വിളക്ക്' താരിഫ് കാറ്റഗറിയി- ൽപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾക്ക്, റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ് ബില്ലു ചെയ്തു വരുന്നത്. കർഷകർക്കുള്ള സബ്സിഡി, പൈലറ്റ് അടിസ്ഥാനത്തിൽ Direct Benefit Transfer (DBT) സ്കീം പ്രകാരം, പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരുന്നു.. 31.12.2020-ൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 'ഇലക്ട്രിസിറ്റി റൂൾസ് 2020' പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള 'പദ്ധതി |

| | | | |
|---|---|---|---|
| | | | രൂപരേഖ' തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | മേൽപറഞ്ഞ നടപടികൾ കാര്യക്ഷമമാക്കാതെ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിനുള്ള എളുപ്പ മാർഗ്ഗം എന്ന നിലയിൽ സ്വകാര്യവൽക്കരണത്തിലേക്ക് നീങ്ങുവാൻ ശ്രമം നടത്തുന്നതായുള്ള ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) | ഇല്ല. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ച പ്രസ്തുത കൂടുതൽ വായ്പ അനുവദിക്കുന്നതിനെ പറ്റിയുള്ള വ്യവസ്ഥകളിന്മേൽ ബദൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ